"നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിൽ സ്പെഷ്യൽ റൂൾസിന് അംഗീകാരം നൽകാൻ നടപടി"

0 [1275] ശ്രീ. പി. കെ. കെ. ബാവ :

,, സി. മമ്മൂട്ടി :

,, പെർക്കളം അബ്ദുള്ള :

,, ടി. പി. എം. സാഹിർ :

,, നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പിൽ (കേരള) ജില്ലാ എംപ്ലോയ്മെന്റ് ഓഫീസറുടെ പ്രൊമോഷൻ നടത്തുന്നതിനുള്ള സ്പെഷ്യൽ റൂൾസ് നിലവിലുണ്ടോ ;

(ബി) സ്പെഷ്യൽ റൂൾസ് നിലവിലില്ലാത്തതുകാരണം ഉദ്യോഗസ്ഥർക്ക് പ്രൊമോഷൻ തടയുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സ്പെഷ്യൽ റൂൾസിന്റെ അംഗീകാരം നൽകുന്നതിന് ഏതെങ്കിലും തലത്തിലുള്ള കാലതാമസം ഉണ്ടായിട്ടുണ്ടോ ;

(ഡി) എങ്കിൽ കാലതാമസം ഒഴിവാക്കി സ്പെഷ്യൽ റൂൾസിന് അംഗീകാരം എത്രയും വേഗത്തിൽ നൽകുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) സ്പെഷ്യൽ റൂൾസിന്റെ അഭാവത്തിൽ പ്രൊമോഷൻ തടയുന്നില്ല.

(സി) കരട് സ്പെഷ്യൽ റൂളിന് പി. എസ്. സി.-യുടെ അംഗീകാരം ലഭിക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ട്.

(ഡി) സ്പെഷ്യൽ റൂൾ അംഗീകരിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിച്ചിട്ടുണ്ട്.

തോട്ടം മേഖലയിലെ സ്കൂൾ വിദ്യാർത്ഥികൾക്കുള്ള സമാശ്വാസ പദ്ധതികൾ

71 [1276] ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൂട്ടികിടക്കുന്ന തോട്ടം മേഖലയിലെ സ്കൂൾ വിദ്യാർത്ഥികൾക്ക് എന്തെല്ലാം സമാശ്വാസ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദീകരിച്ചുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) തോട്ടം തൊഴിലാളികൾക്ക് എന്തെല്ലാം സമാശ്വാസ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ ;

(സി) 2004-05 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച തോട്ടം തൊഴിലാളിക പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്ന കുട്ടികളുടെ ഫീസ് പൂർണ്ണമായും സർ വഹിക്കുന്നതിന് ആവശ്യമായ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ ; എങ്കിൽ ആയ വിശദവിവരം വ്യക്തമാക്കുമോ ?

ഉത്തരം

(എ) തോട്ടം മേഖലയിലെ സ്കൂൾ വിദ്യാർത്ഥികൾക്ക് താഴെപ്പറ ആശ്വാസ പദ്ധതികൾ സർക്കാർ നടപ്പാക്കിവരുന്നുണ്ട്.

(1) 1-ാം ക്ലാസ്സുവരെയുള്ള സ്കൂൾ വിദ്യാർത്ഥികൾക്ക് ഉച്ചക്കഞ്ഞി ന വന്നിരുന്നത് ഉച്ചഭക്ഷണമാക്കി മാറ്റി. 10-ാം ക്ലാസ്സുവരെയുള്ള കുട്ടികൾക്ക് നൽകിവ

(2) ഇടുക്കി ജില്ലാ കളക്ടർ ചെയർമാനായി രൂപീകരിച്ച പ്ലാന്റേ വർക്കേഴ്സ് വിലീഫ് ഫണ്ട് മുഖേന രണ്ട് സെറ്റ് യൂണിഫോം, ടെക്സ്റ്റ് ബുക്കു നോട്ടുബുക്കുകൾ, സ്കൂൾ ബാഗ്, കുട എന്നിവ സൗജന്യമായി നൽകിവരുന്നു.

(3) കേരള വേജസ് വെൽഫെയർ ഫണ്ട് ബോർഡിൽ അംഗങ്ങളായ തൊഴിലാളികളുടെ ഹൈസ്കൂൾ ക്ലാസ്സ് മുതൽ +1, +2 കോഴ്സുകൾ വരെ പഠി കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകിവരുന്നു.

(ബി) (1) തോട്ടം തൊഴിലാളികൾക്ക് 2002 ആഗസ്റ്റ് മുതൽ മുടങ്ങാതെ സൗ റേഷൻ നൽകിവരുന്നു.

(2) കഴിഞ്ഞ് ഓണക്കാലത്ത് പൂട്ടിക്കിടന്ന തോട്ടങ്ങളിലെ തൊഴിലാളിക അഞ്ഞൂറ് രൂപ വീതം എക്സ്ഗ്രേഷ്യ ധനസഹായം നൽകി.

(3) "ജോലിക്ക് കൂലി ഭക്ഷണം" എന്ന പദ്ധതി പ്രകാരം വിതരണം നടത്തി.

(4) തോട്ടങ്ങൾ അടച്ചതുമൂലം പ്രവർത്തനം നിലച്ച ഗ്രാംപി, വുഡ്ല ബോണാമി എന്നീ ആശുപത്രികൾ സർക്കാർ ഏറ്റെടുത്ത് നടത്തിവരു ഇടുക്കി ജില്ലയിൽ മാത്രം 260 മെഡിക്കൽ ക്യാമ്പുകൾ നടത്തുകയുണ്ട ആധുനിക പരിശോധനാ സൗകര്യങ്ങളോടുകൂടിയ മൊബൈൽ മെഡിക്കൽ പ്രവർത്തിച്ചുവരുന്നു.

(5) ഇടുക്കി ജില്ലാ കളക്ടർ ചെയർമാനായി രൂപീകരിച്ച പ്ലാന്റേ വർക്കേഴ്സ് വിലീഫ് ഫണ്ട് കമ്മിറ്റിയുടെ പ്രവർത്തനത്തിന് 5 കോടി രൂപ അനുവ നൽകിയിട്ടുണ്ട്.

(6) വേജസ് വെൽഫെയർ ഫണ്ടിൽ അംഗങ്ങളായ തോട്ടം തൊഴിലാളിക ചികിൽസാ ധനസഹായം, കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം എന്നിവ നൽകിവരു

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിനുവേണ്ടിയുള്ള കരട് പദ്ധതി സർക്കാർ അംഗീകരിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് ഉടൻതന്നെ പുറപ്പെടുവിക്കുന്നതാണ്.

മൺപാത്ര വ്യവസായത്തിന്റെ സംരക്ഷണവും ആധുനികവത്ക്കരണവും

72 [1277] ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൺപാത്ര തൊഴിലാളികളുടെ ക്ഷേമത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും ഇനി സ്വീകരിക്കുവാനുദ്ദേശിക്കുന്നതെന്നും അറിയിക്കാമോ ;

(ബി) മൺപാത്ര നിർമ്മാണവുമായി ബന്ധപ്പെട്ട് തൊഴിൽ ചെയ്യുന്നവരുടെ എണ്ണം എത്രയെന്ന് അറിയിക്കാമോ ;

(സി) മൺപാത്ര മേഖലയിലെ തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കാനും ആധുനികവത്ക്കരിക്കാനും എന്തെല്ലാം പരിപാടികളാണ് പരിഗണനയിലുള്ളതെന്നും വ്യക്തമാക്കാമോ ;

(ഡി) മൺപാത്ര തൊഴിലാളികളുടെ പെൺമക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇപ്പോൾ നിലവിലുള്ള കേരള കൈ തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമ പദ്ധതിയിൽ അംഗമാകുന്ന മൺപാത്ര തൊഴിലാളികൾക്ക് ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ (റിട്ടയർമെന്റ് ആനുകൂല്യം, വിവാഹാനുകൂല്യം, പ്രസവാനുകൂല്യം, മരണാനന്തരാനുകൂല്യം, വിദ്യാഭ്യാസാനുകൂല്യം) ഇപ്പോൾ നൽകിവരുന്നു. കൂടാതെ അസംഘടിത തൊഴിലാളികൾക്കായി "അസംഘടിത തൊഴിലാളികൾക്കുള്ള ക്ഷേമപദ്ധതി" കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. ഈ പദ്ധതിയിൽ മൺപാത്ര നിർമ്മാണം ഒരു വിഭാഗമായി ഉൾപ്പെടുത്തുന്നുണ്ട്. ഇത് പ്രാവർത്തികമാകുന്ന മുറയ്ക്ക് ഈ പദ്ധതി ഉറപ്പുനൽകുന്ന ആനുകൂല്യങ്ങൾ ലഭിക്കുന്നതാണ്.

(ബി) ഈ മേഖലയിൽ തൊഴിൽ ചെയ്യുന്നവരുടെ കണക്ക് തൊഴിൽ വകുപ്പ് ശേഖരിച്ചിട്ടില്ല. എന്നാൽ കേരള കൈതൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമ പദ്ധതിയിൽ 2005 ജനുവരി 31 വരെ മൺപാത്ര നിർമ്മാണവുമായി ബന്ധപ്പെട്ട 2303 പേർ അംഗത്വം സ്വീകരിച്ചിട്ടുണ്ട്.

(സി) ഇക്കാര്യം തൊഴിൽ വകുപ്പിന്റെ പരിഗണനയിൽ ഇല്ല.

(ഡി) കേരള കൈ തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമ പദ്ധതിയിൽ അംഗമാകുന്ന തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസത്തിനുവേണ്ടി സ്കോളർഷിപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. അംഗീകൃത സർവ്വകലാശാലയുടെ അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിൽ റഗുലർ കോഴ്സിന് പഠിക്കുന്നവർക്ക് മെരിറ്റ് അടിസ്ഥാനത്തിൽ ആണ് ഇത് നൽകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly